

Syro Malabar Commission for Liturgy

# നോമ്പ് നാലാം ചൊവ്വ - യോഹ 5: 19-23

ബേത്സയിദാ കുളക്കരയിലെ തളർവാതരോഗിയെ സാബത്തുദിനത്തിൽ ഈശോ സുഖപ്പെടുത്തിയതിനെ യഹൂദർ കുറ്റപ്പെടുത്തുന്നതാണ് സുവിശേഷഭാഗം. മൂന്നുകുറ്റങ്ങളാണ് അവർ ഈശോയുടെമേൽ ആരോപിക്കുന്നത്. ഒന്ന്, സാബത്തിൽ ഈശോ രോഗശാന്തി നല്കി.രണ്ട്, സാബത്തുദിനത്തിൽ തളർവാതരോഗിയോട് കിടക്ക ചുമക്കാൻ കല്പിച്ചത്. മൂന്ന്, ദൈവത്തെ ഈശോ പിതാവ് എന്നുവിളിച്ചത്. സാബത്തുദിനത്തിൽ ഈശോ രോഗശാന്തിനല്കിയതും കിടക്ക ചുമക്കാൻ കല്പിച്ചതും ദൈവനിന്ദയായിട്ടാണ് യഹൂദർ പരിഗണിച്ചത്. വാസ്തവത്തിൽ ജീവൻ നല്കുന്ന ദൈവപിതാവിന്റെ ജോലി ഈശോ തുടരുകയാണ് ചെയ്യുന്നത്. ജീവൻ നല്കാനും വിധിക്കാനുമുള്ള അധികാരം പിതാവിൽ നിന്നാണ് ഈശോയ്ക്ക് ലഭിക്കുന്നത്. ജീവൻ നല്കാൻ വന്നവനാണ് ഈശോ എന്നതിന്റെ അടയാളമായിട്ടാണ് തളർവാതരോഗിയെ സുഖപ്പെടുത്തുന്നത്. പാപമാകുന്ന മരണത്തിൽനിന്നും രക്ഷിക്കുന്ന വൈദ്യനും വിധിയാളനുമായ ഈശോയെ  അനുഗമിക്കുകയാണ് പ്രധാനം.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ്,കാക്കനാട്　　　ReadMore:www.syromalabarliturgy.org